പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1776 — 18.06.2012 ൽ മറുപടിക്ക്

മത്സ്യത്തൊഴിലാളികളെ വെടിവച്ച സംഭവം സുപ്രീംകോടതിയിലെ റിട്ട് ഹർജി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) മത്സ്യത്തൊഴിലാളികളെ കൊല്ലം തീരക്കടലിൽ വെടിവച്ചുകൊന്ന സംഭവത്തിൽ പോലീസ് എടുത്ത കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഇറ്റാലിയൻ നാവികർ സുപ്രീംകോടതിയിൽ റിട്ട് ഹർജി നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ നാവികർക്കെതിരെ ക്രിമിനൽ നടപടിക്രമം പ്രകാരമോ, മറ്റ് ഇന്ത്യൻ നിയമങ്ങൾ പ്രകാരമോ എടുത്ത എല്ലാ നടപടികളും നിയമവിരുദ്ധവും അധികാരപരിധിയിലുപരിയുള്ളതും, ഭരണഘടനയുടെ 14, 21 അനുഛേദങ്ങളുടെ ലംഘനവുമാണെന്ന് പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇറ്റാലിയൻ നാവികർ ബഹു. സുപ്രീംകോടതിയിൽ റിട്ട് ഹർജി (WP (C) 135/2012) സമർപ്പിച്ചിട്ടുണ്ട്. |
| (ബി) റിട്ട് ഹർജി സുപ്രീംകോടതിയിൽ ആദ്യമായി പരിഗണനയ്ക്ക് വന്നപ്പോൾ കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ അഡ്വക്കേറ്റ് ജനറൽ പ്രത്യേകമായി നിയോഗിച്ചത് ആരെയായിരുന്നു; പ്രസ്തുത വ്യക്തി കേരള ഗവൺമെന്റിനുവേണ്ടി സുപ്രീംകോടതിയിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നു ; | (ബി) ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള WP (C) 135/2012 കേസിൽ സ്റ്റാന്റിംഗ് കോൺസൽ ശ്രീ. എം.ആർ. രമേഷ്ബാബു ആണ് സംസ്ഥാന സർക്കാരിനുവേണ്ടി ആദ്യം ഹാജരായിട്ടുള്ളത്. സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ഗോപാൽ സുബ്രഹ്മണ്യത്തെ സീനിയർ കോൺസൽ ആയി പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. വെടിവെപ്പ് കേസിൽ എഫ്.ഐ.ആർ. രേഖപ്പെടുത്തി അന്വേഷണം നടത്താനും കോടതിയിൽ ചാർജ്ഷീറ്റ് ഫയൽ ചെയ്യാനും പ്രതികളെ അറസ്റ്റ് ചെയ്ത് |

| | | | |
|---|---|---|---|
| | | | വിചാരണ നടത്താനും കേരള സർക്കാരിന് മതിയായ അധികാരം ഉണ്ടെന്ന അചഞ്ചലവും ശക്തവുമായ നിലപാടാണ് ബഹു. സുപ്രീംകോടതിയിൽ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കേസിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് ആവശ്യത്തിന് സമയം ലഭിച്ചിട്ടുണ്ടോ; അന്നേ ദിവസം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | ഉണ്ട്. സത്യവാങ്മൂലത്തിന്റെ പകർപ്പ് അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ